ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03.08.2024 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. അന്താരാഷ്ട്ര കാർഷിക സാമ്പത്തിക വിദഗ്ധരുടെ 32-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the 32nd International Conference of Agricultural Economists (ICAE) in New Delhi today.**

2. ഉരുൾപൊട്ടലുണ്ടായ ചൂരൽമലയിലും മുണ്ടക്കൈയിലും രക്ഷാപ്രവർത്തനം ഊർജ്ജിതം ; ചാലിയാറിൽ ഇന്നും തിരച്ചിൽ തുടരും ; റഡാർ സിഗ്നൽ ലഭിച്ച സ്ഥലത്ത് മണ്ണിനടിയിൽ മനുഷ്യസാന്നിധ്യമില്ലെന്ന് സ്ഥിരീകരണം.

   **Rescue operations in full swing in Churalmala and Mundakai; The search will continue in Chaliyar today ; Confirmed that there is no human presence underground at the location where the radar signal was received.**

3. ഇന്ന് കർക്കടക വാവ് ; ആലുവ മണപ്പുറം, തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രം അടക്കമുള്ള കേന്ദ്രങ്ങളിൽ പിതൃമോക്ഷം തേടി ആയിരങ്ങൾ ബലിതർപ്പണം നടത്തുന്നു.

   **'Karkidaka Vavu Bali' today; Thousands performing Balitarpana, the rituals performed for deceased ancestors, in Aluva Manappuram and Thiruvallam Parasuramaswamy Temple.**

4. പാരീസ് ഒളിമ്പിക്സിൽ ഷൂട്ടിങ്ങിലും അമ്പെയ്ത്തിലും ഇന്ത്യക്ക് മെഡൽ പ്രതീക്ഷ ; ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ സെമിയിൽ.

   **Indian medal hope alive in shooting and archery at the Paris Olympics; Lakshya Sen in Badminton men's singles semis.**

5. ഇസ്രായേലിലെ ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദേശം നൽകി ടെൽ അവീവിലെ ഇന്ത്യൻ എംബസി ; അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കാൻ നിർദേശം.

   **The Embassy of India in Tel Aviv, Israel has issued an advisory for the Indian nationals to exercise caution and avoid unnecessary travel within the country.**

*****************************************************

## HEADLINES-1

## ICAE

അന്താരാഷ്ട്ര കാർഷിക സാമ്പത്തിക വിദഗ്ധരുടെ 32-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. 65 വർഷത്തിന് ശേഷമാണ് ഇന്ത്യയിൽ I C A E യുടെ സമ്മേളനം നടക്കുന്നത്. "സുസ്ഥിര കാർഷിക ഭക്ഷ്യ സംവിധാനങ്ങളിലേക്കുള്ള പരിവർത്തനം" എന്നതാണ് ഈ വർഷത്തെ പ്രമേയം. അന്താരാഷ്ട്ര കാർഷിക സാമ്പത്തിക വിദഗ്ധരുടെ കൂട്ടായ്മയാണ് ഈ മാസം 7 വരെ നീളുന്ന സമ്മേളനം സംഘടിപ്പിക്കുന്നത്. 75 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

****************************************

## HEADLINES-2

## WAYANAD-SEARCH

വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ ചൂരൽമലയിലും മുണ്ടക്കൈയിലും രക്ഷാപ്രവർത്തനം അഞ്ചാം ദിവസത്തിലേക്ക്.

മണ്ണിനും കെട്ടിടാവശിഷ്ടങ്ങൾക്കുമിടയിൽ കുടുങ്ങി കിടക്കുന്നവരെ കണ്ടെത്തുന്നതിന് യന്ത്രോപകരണങ്ങളും അത്യാധുനിക സെൻസറുകളും വിന്യസിച്ചു കൊണ്ടുള്ള തിരച്ചിലാണ് നടക്കുന്നത്. മുണ്ടക്കൈയിൽ മൂന്നുപേരെ കാണാതായ വീടിന് സമീപം ജീവന്റെ തുടിപ്പ് സംശയിക്കുന്ന റഡാർ സിഗ്നൽ ലഭിച്ചതിനെ തുടർന്ന് രാത്രി വൈകി നടത്തിയ തിരച്ചിലിൽ ഒന്നും കണ്ടെത്താനായില്ല. അതേസമയം, വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ 210 മരണം ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇതിൽ 147 പേരെ ബന്ധുക്കൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 139 ശരീരഭാഗങ്ങളും കണ്ടെത്തി. മരണസംഖ്യ 300 കടന്നതായാണ് ദുരന്തമേഖലയിൽ നിന്നുള്ള റിപ്പോർട്ടുകൾ. അട്ടമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം, വെള്ളാർമല വില്ലേജ് റോഡ്, GVHSS വെള്ളാർമല, പുഴയുടെ അടിവാരം എന്നീ മേഖലകളിൽ നിന്നും ഇന്നലെ 11 മൃതദേഹങ്ങൾ കൂടി കണ്ടെത്തി. ഇതുവരെ തിരിച്ചറിയാത്ത 3 മൃതദേഹങ്ങൾ സർക്കാർ പ്രത്യേകം തയ്യാറാക്കിയ മാർഗ്ഗ നിർദേശപ്രകാരം കൽപറ്റ പൊതു ശ്മശാനത്തിൽ സംസ്കരിച്ചു. അതെസമയം, ചൂരൽമല - മുണ്ടക്കൈ ദുരന്തബാധിതരെ പാർപ്പിച്ചിരിക്കുന്ന ക്യാമ്പുകളിലേക്കുള്ള സന്ദർശനം ഒഴിവാക്കണമെന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മന്ത്രിസഭാ ഉപസമിതി അഭ്യർത്ഥിച്ചു.

****************************************

## HEADLINES-2A
## CHALIYAR SEARCH (INTRO)

മലപ്പുറം ജില്ലയിലെ നിലമ്പൂർ വനമേഖലയിലും ചാലിയാറിന്റെ തീരങ്ങളിലും അതിസാഹസികമായ ദൗത്യമാണ് തിരച്ചിൽ സംഘം ഏറ്റെടുത്തിരിക്കുന്നത്. പ്രതികൂല കാലാവസ്ഥയും മറികടന്നാണ് പുഴയിലും കാട്ടിലുമായി തിരച്ചിൽ നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....

(വോയിസ്)

****************************************

## RAIN KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ജനങ്ങൾ മാറി താമസിക്കണമെന്നും നിർദ്ദേശമുണ്ട്. കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കേരള - തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ ഉയർന്ന തിരമാലക്ക് സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പുലർത്തണം.

****************************************

## HEADLINES-3

## KARKADAKA VAVU

ഇന്ന് കർക്കടക വാവ്. മോശം കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ ബലിതർപ്പണ കേന്ദ്രങ്ങളിലും സ്നാന ഘട്ടങ്ങളിലും സുരക്ഷിതമായ ബലിതർപ്പണം നടത്തുന്നതിനുള്ള എല്ലാവിധ സജ്ജീകരണങ്ങളും നേരത്ത തന്നെ ഒരുക്കിയിരിന്നു. ആലുവ മണപ്പുറം, തിരുവല്ലം, ശംഖുമുഖം, വർക്കല, തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾ രാവിലെ മുതൽ തന്നെ ആരംഭിച്ചു. അമാവാസി രണ്ടു ദിവസങ്ങളിലായതിനാൽ ചിലയിടങ്ങളിൽ നാളെയാണ് വാവുബലി. തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രത്തിൽ പുലർച്ചെ രണ്ടിന് തന്നെ ബലിതർപ്പണ ചടങ്ങുകൾ ആരംഭിച്ചു. കന്യാകുമാരിയിൽ പുലർച്ചെ നാലു മുതൽ ബലിയിടൽ

ആരംഭിച്ചു. കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, മുണ്ടയ്ക്കൽ പാപനാശനം, അഷ്ടമുടി ത്രിവേണി സംഗമം എന്നീ സ്നാനഘട്ടങ്ങളിലും പുലർച്ചെ മുതൽ ബലിതർപ്പണത്തിന് തിരക്കേറി. പത്തനംതിട്ട തൃപ്പാറ മഹാദേവ ക്ഷേത്രം, വലഞ്ചുഴി ദേവീക്ഷേത്രം, ആറന്മുള ക്ഷേത്രക്കടവ് എന്നിവിടങ്ങളിലും വൻ തിരക്കാണ് അനുഭവപ്പെടുന്നത്. കണ്ണൂർ തളാപ്പ് സുന്ദര ക്ഷേത്രം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം, പയ്യാമ്പലം കടപ്പുറം, തലായി കടപ്പുറം, മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ച് എന്നിവിടങ്ങളിൽ പിതൃതർപ്പണത്തിനായി ഒട്ടേറെ പേർ എത്തുന്നുണ്ട്. ബലിതർപ്പണത്തിനുള്ള തിരക്കു നിയന്ത്രിക്കുന്നതിനായി കൊച്ചി മെട്രോ ആലുവയിൽ നിന്ന് തൃപ്പൂണിത്തുറയിലേക്ക് പുലർച്ചെ 5 നും 5.30 നും സർവീസ് ഒരുക്കിയിരുന്നു. കെഎസ്ആർടിസി ആലുവ, എറണാകുളം, പെരുമ്പാവൂർ മേഖലകളിൽ അധിക സർവ്വീസ് നടത്തുന്നുണ്ട്.

****************************************

## KERALA-ARREST

മാവോയിസ്റ്റ് നേതാവ് സി പി മൊയ്തീനെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളത്ത് നിന്ന് സംസ്ഥാന പോലീസിന്റെ തീവ്രവാദ വിരുദ്ധ സ്ക്വാഡ് അറസ്റ്റ് ചെയ്തു. കൊല്ലത്ത് നിന്ന് തൃശ്ശൂരിലേക്ക് KSRTC ബസിൽ യാത്ര ചെയ്യുന്നതിനിടെയാണ് മൊയ്തീൻ അറസ്റ്റിലായത്. 36 കേസുകളിൽ പ്രതിയായ ഇയാൾ 2014 മുതൽ ഒളിവിലായിരുന്നു.

****************************************

## PARLIAMENT

നീറ്റ്, എൻടിഎ എന്നിവ റദ്ദാക്കണമെന്നും സംസ്ഥാന സർക്കാരുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ പ്രവേശനം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് ഡിഎംകെ അംഗം എം. മുഹമ്മദ് അബ്ദുള്ള അവതരിപ്പിച്ച സ്വകാര്യ പ്രമേയം

രാജ്യസഭ ചർച്ച ചെയ്തു. ഗ്രാമങ്ങളിലെയും വിദൂര പ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്ക് MBBS, BDS പ്രവേശനം നേടുന്നതിന് മികച്ച മാധ്യമമാണ് നീറ്റെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജഗത് പ്രകാശ് നഡ്ഡ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവുമായി ബന്ധപ്പെട്ട 2024-25 വർഷത്തേക്കുള്ള ഗ്രാന്റുകൾ സംബന്ധിച്ച് ലോക്സഭയിൽ ചർച്ച നടന്നു. ഗ്രാമീണ മേഖലയിലെ അടിസ്ഥാന ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ വർഷത്തെ ബജറ്റിൽ വേണ്ടത്ര വിഹിതം വകയിരുത്തിയിട്ടില്ലെന്ന് ചർച്ച ആരംഭിച്ച കോൺഗ്രസിലെ താരിഖ് അൻവർ ആരോപിച്ചു. എന്നാൽ 2014ൽ രാജ്യത്ത് 387 മെഡിക്കൽ കോളേജുകളുണ്ടായിരുന്നത് ഇപ്പോൾ 706 ആയി ഉയർന്നതായി ബിജെപിയുടെ ഡോ.സഞ്ജയ് ജയ്സ്വാൾ ചൂണ്ടിക്കാട്ടി.

*****************************************

## MEA-PREZ VISIT

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപതി മുർമു തിങ്കളാഴ്ച ഫിജിയിലേക്ക് യാത്ര തിരിക്കും. ഈ മാസം 10 വരെ ഫിജി, ന്യൂസിലാൻഡ്, തിമോർ-ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. ഏഷ്യ പസിഫിക് മേഖലയ്ക്കായുള്ള ആക്ട് ഈസ്റ്റ് നയത്തിന്റെ ഭാഗമാണ് ഈ രാജ്യങ്ങൾ. സന്ദർശന വേളയിൽ രാഷ്ട്രപതി, ഫിജിയൻ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. ഫിജിയൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ശ്രീമതി മുർമു ഇന്ത്യൻ സമൂഹവുമായി സംവദിക്കും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ ന്യൂസിലന്റിലെത്തുന്ന രാഷ്ട്രപതി വെല്ലിംഗ്ടണിൽ നടക്കുന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്യും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ, രാഷ്ട്രപതി

തിമോർ-ലെസ്റ്റെയിലെത്തി പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

****************************************

## PM CABINET

എട്ട് ദേശീയ അതിവേഗ റോഡ് ഇടനാഴി പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുമെന്നും തൊഴിലവസരങ്ങൾ വർധിപ്പിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. 50,655 കോടി രൂപ ചെലവിൽ 936 കിലോമീറ്റർ ദൈർഘ്യമുള്ള എട്ട് പദ്ധതികൾക്കാണ് സാമ്പത്തിക കാര്യ കാബിനറ്റ് സമിതി അംഗീകാരം നൽകിയത്. ചരക്ക് ഗതാഗതം മെച്ചപ്പെടുത്താനും തിരക്ക് കുറയ്ക്കാനും കണക്റ്റിവിറ്റി വർദ്ധിപ്പിക്കാനും ഈ പദ്ധതികൾ സഹായകമാകും. ആഗ്ര-ഗ്വാളിയോർ, ഖരഗ്പൂർ - മോറെഗ്രാം അതിവേഗ ഇടനാഴികൾ ഇതിലുൾപ്പെടുന്നു.

****************************************

## HEADLINES-4

## PARIS OLYMPICS (INTRO)

പാരീസ് ഒളിമ്പിക്സിൽ ഷൂട്ടിങ്ങിലും അമ്പെയ്ത്ത് മിക്സഡ് ഡബിൾസിലും ഇന്ത്യക്ക് മെഡൽ പ്രതീക്ഷ. ഷൂട്ടിങ് വനിതകളുടെ 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ മനു ഭാക്കർ ഇന്നലെ ഫൈനൽ യോഗ്യത നേടിയിരുന്നു. അമ്പെയ്ത്ത് മിക്സഡ് ഡബിൾസിൽ അങ്കിത - ധീരജ് സഖ്യം ക്വാർട്ടറിൽ കടന്നു.

**വിശദാംശങ്ങളുമായി പാരീസിൽ നിന്ന് ആകാശവാണിക്ക് വേണ്ടി വി ശിവകുമാർ...**

(വോയ്സ്)

****************************************

## HEADLINES-5

## ISRAEL ADVISORY

ഇന്ത്യൻ പൗരന്മാർക്ക് ജാഗ്രതാ നിർദേശം നൽകി ടെൽ അവീവിലെ ഇന്ത്യൻ എംബസി. രാജ്യത്തിനകത്ത് അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കാനും എംബസി നിർദേശം നൽകി. ഗോലൻ മലനിരകളിൽ 12 കുട്ടികൾ കൊല്ലപ്പെടുകയും തുടർന്ന് ഹിസ്ബുള്ള നേതാവ് ഫൗദ് ശുക്കറിനെ ഇസ്രയേലി സേന വധിക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് മേഖലയിൽ സ്ഥിതിഗതികൾ രൂക്ഷമായത്. ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്നും എംബസിയുമായി ബന്ധം പുലർത്തണമെന്നും നിർദേശത്തിൽ പറയുന്നു.

*

******************

************************************************************